നം.കെഎസ്എ-കെടിഎം.പി.11-9/2017 തീയതി:06.01.2017

# കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.16മുതൽ 30.11.16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി എം.വി.സിനി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24-12-16 മുതൽ 31-12-16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീമതി രേഖ.ആർ , ഓഡിറ്റ് ഓഫീസർ<br>2. ശ്രീമതി മേരി ആൻഡ്രൂസ് അസി.ഓഡിറ്റ് ഓഫീസർ<br>3. ശ്രീമതി ദർശന.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>4. ശ്രീമതി ജയകുമാരി അമ്മ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>5. ശ്രീ.ജോർജ്ജ്കുട്ടി ജോസഫ്, ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സുജാത സുശീലൻ<br>ശ്രീ.രാജഗോപാൽ.ആർ | 1.04.15-30.11.15<br>1.12.15-31.03.16 |
| സെക്രട്ടറി | ശ്രീ.ഏബ്രഹാം.സി.മാത്യു, | 1.04.15-19.12.15 |
| | ശ്രീമതി സുപ്രഭ.എസ് (സെക്രട്ടറി ഇൻ ചാർജ്) | 20.12.15-8.1.16 |
| | ശ്രീ.ഏബ്രഹാം.സി.മാത്യു | 9.1.16-31.3.16 |

നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ഷാജൻ.ടി.കെ | 1.04.15-31.03.16 |
| വെറ്റിനറി സർജൻ | ഡോ.മായാ ജയിംസ് | 1.04.15-3.03.16 |
| | ഡോ.ജിജേഷ് കുമാർ | 4.3.16-31.3.16 |
| മെഡിക്കൽ ഓഫീസർ-അലോപ്പതി | ഡോ.രശ്മി.ജി | 1.04.15-31.03.16 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ചിത്ര.എം.ബി | " " |
| അസി.എൻജിനീയർ | ശ്രീമതി ദീപ.ഡി.റ്റി<br>ശ്രീ.ശരവണേശ്വർ.എൽ.ആർ | 1.04.15-8.7.15<br>09.07.15-31.03.16 |
| വി.ഇ.ഒ | ശ്രീ.ദിനേശ്.പി.പി<br>ശ്രീ.രതീഷ്.പി.ആർ | 1.04.15-10.03.16<br>11.3.16-31.3.16 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഗീത.എസ്<br>ശ്രീമതി പ്രീയകുമാരി | 1.04.15-28.02.16<br>1.3.16 -31.3.16 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ജാനി.കെ.വി | 1.04.15-31.03.16 |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഇന്ദു.എസ്.വി | 1.04.15-18.8..15 |
| | ശ്രീമതി ദിവ്യ.എസ്.മോഹൻ | 19.8.15-31.3.16 |
| അസി.സെക്രട്ടറി | ശ്രീമതി സുപ്രഭ.എസ് | 1.04.15-31.03.16 |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| ഭാഗം 1--പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|
| ബജറ്റ് | 1.1 |
| വാർഷിക ധനകാര്യപത്രിക | 1.2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 |
| സാമ്പത്തിക വിശകലനം | 1.4 |
| ഫണ്ട് വിനിയോഗം | 1.5 |
| പദ്ധതി അവലോകനം | 1.6 |
| തനതുവരുമാനം | 1.7 |
| ക്ഷേമപദ്ധതികൾ | 1.8 |
| ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2--വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| കാലാവധി കഴിഞ്ഞ ചെക്കുകൾ ക്യാൻസൽ ചെയ്യുന്നില്ല | 2-2 |
| വസ്തുനികുതി പരിഷ്കരണം ഭേദഗതി--അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല | 2-3-1 |

| | |
|---|---|
| വസ്തുനികുതി നിർണ്ണയത്തിന്റെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 2-3-2 |
| വസ്തുനികുതി പരിഷ്കരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 2-3-3 |
| സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി നിർണ്ണയം നടത്തിയതിലെ അപാകത | 2-3-4 |
| വസ്തുനികുതി ഈടാക്കിയതിൽ കുറവ് | 2-3-5 |
| കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതായി രേഖയില്ല | 2-3-6 |
| വിമുക്തഭടന്മാർക്ക് വസ്തുനികതിയിളവ് നൽകിയതിലെ അപാകത | 2-3-7 |
| മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 2-3-8 |
| വസ്തുനികുതി--ഒരേ കെട്ടിടത്തിന് വ്യത്യസ്ത നമ്പരുകൾ നൽകിയിരിക്കുന്നു. | 2-3-9 |
| ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4-1 |
| ഡി & ഒ ട്രെഡ് ലൈസൻസ്--സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 2-4-2 |
| സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല | 2-4-3 |
| ഡി & ഒ ട്രേഡ് ലൈസൻസ് | 2-5 |
| ബിൽഡിംഗ് പെർമിറ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 2-6 |
| കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് 2011 നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-7 |
| പാരാമെഡിക്കൽ--ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു. | 2-8 |
| ഓഡിറ്റ് ഇംപാക്ട് | 2-9 |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| മീഡിയാശ്രീ പദ്ധതി | 3-1 |
| ബാലസഭാ പ്രവർത്തനങ്ങൾ--ചെലവ് രേഖകളില്ല | 3-2 |
| എസ്.സി.കുട്ടികൾക്ക് സൈക്കിൾ വിതരണം--അപാകതകൾ | 3-3 |
| ഹൃദ്രോഗം, വൃക്കരോഗം ബാധിച്ചവർക്ക് മരുന്നുവാങ്ങൽ പദ്ധതി--38995/- രൂപയുടെ മരുന്ന് നാളിതുവരേയും ലഭ്യമാക്കിയിട്ടില്ല | 3-4 |
| ബിറ്റുമിൻ--ബാരൽ വില ഈടാക്കിയിട്ടില്ല | 3-5 |
| സ്ഥിരനിക്ഷേപ രജിസ്റ്റർ കൃത്യമല്ല | 3-6 |
| തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല | 3-7 |
| നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 3-8 |
| പൊതുടാപ്പുകളുടെ വെള്ളക്കരം അധികം ഒടുക്കി | 3-9 |
| ആശ്രയ പദ്ധതി | 3-10 |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |

| | |
|---|---|
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| വായ്പ-വായ്പ തിരിച്ചടവ് | 4.4 |
| സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| ഓഡിറ്റ് റിക്കവറി | 4.6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4.7 |
| ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ | 4.9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28-03-2015 തിയതിയിലെ 1 നം - തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 15813813.33 | 29695169.53 | 13881356.2 | |
| വരവ് | 106156625 | 61818812 | | 44337813 |
| ആകെ | 121970438.33 | 91513981.53 | | 30456456.8 |
| ചെലവ് | 103639268 | 65331970 | | 38307298 |
| നീക്കിയിരിപ്പ് | 18331170.33 | 26182011.53 | 7850841.2 | |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 22-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 29695169.53 |
| വരവ് | 61818812 |
| ആകെ | 91513981.53 |
| ചെലവ് | 65331970 |
| നീക്കിയിരിപ്പ് | 26182011.53 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ | ആകെ | ചെലവ് | ട്രാൻസ്ഫർ | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|

| | | വരവ് | | | ക്രഡിറ്റ് | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 708345 | 8235269 | 8943614 | 8943614 | (*) | |
| വികസനഫണ്ട് എസ്.സി.പി. | 2560186 | 5212466 | 7772652 | 6044770 | (1727882) | |
| വികസനഫണ്ട് ടി.എസ്.പി. | 225000 | 370000 | 595000 | 495000 | (100000) | |
| സംരക്ഷണഗ്രാന്റ് റോഡ് | 789454 | 3142989 | 3932443 | 4304382 | - | |
| സംരക്ഷണഗ്രാന്റ്ഡ്നോൺറോഡ് | 682429 | 196905 | 879334 | 507395 | - | |
| 13-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 732346 | 6174316 | 6906662 | 4964330 | (1942332) | |
| പെർഫോമൻസ് ഗ്രാന്റ് | 3483000 | 2372743 | 5855743 | 2372743 | (3483000) | |

(*) വികസനഫണ്ട് ജനറൽ വിഭാഗത്തിൽ 31.03.16 ൽ നീക്കിയിരിപ്പുണ്ടായിരുന്ന 1239375/- രൂപ സർക്കാരിലേയ്ക്ക് തിരിച്ചടച്ചത് ഉൾപ്പെടെയുള്ള വരവാണ് RP-31 ൽ ചേർത്തിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 95710388 | 108 | 30602112 | | 45 | |

- 2015-16 സാമ്പത്തികവർഷം ആകെ വാർഷികപദ്ധതി ചെലവ് 32% മാത്രമായിരുന്നു.
- ഉൽപ്പാദനമേഖലയിൽ ആകെ 4 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.
- സേവനമേഖലയിൽ പാലിയേറ്റീവ് കെയർ, ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ, ആശ്രയപദ്ധതിയ്ക്ക് തുക നൽകൽ, ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, വിവിധ സ്കൂളുകളുടെ അറ്റകുറ്റപ്പണി, എസ്സ്.എസ്സ്.എ, ജലനിധി എന്നിവയ്ക്ക് വിഹിതം നൽകൽ തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി.
- പശ്ചാത്തലമേഖലയിൽ വിവിധ റോഡുകളുടെ, റീടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയവയാണ് നടപ്പിലാക്കിയത്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 4568522 | 3932438 | (636084) |
| നികുതിയേതര വരവുകൾ | 669190 | 1022102 | 352912 |
| മറ്റുവരവുകൾ | 366293 | 30833 | (335460) |
| ആകെ | 5604005 | 4985373 | (618632) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 426960 | 312 |
| കർഷകതൊഴിലാളി പെൻഷൻ | 6159540 | 784 |

| | | |
|---|---|---|
| വിധവാപെൻഷൻ | 8500840 | 859 |
| വാർദ്ധക്യകാലപെൻഷൻ | 7724310 | 1181 |
| വികലാംഗപെൻഷൻ | 3303120 | 324 |
| അൻപത് വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 231280 | 24 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.12.16- ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10887/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ കാഷ് ബുക്കിൽ 1853/- രൂപയുടെ വ്യത്യാസം ഉണ്ട്. 14.12.16 തീയതിയിൽ ജീവനക്കാരന്റെ പെൻഷൻ കോൺട്രിബ്യൂഷൻ തുക 1853/- രൂപ ക്രമീകരിച്ചിട്ടില്ല. ടി അപാകത പരിഹരിക്കേണ്ടതാണ്.

## 1-10 ആഭ്യന്തര നിയന്ത്രണസംവിധാനം

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ നികുതി നിർണ്ണയത്തിനുള്ള ഇളവുകൾ, വർദ്ധനവുകൾ എന്നിവ അനുവദിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി നിർണ്ണയം നടത്തിയ എല്ലാ കെട്ടിടങ്ങളുടെയും ഫാറം 6 ലഭ്യമാകുന്നില്ല. ആയതിനാൽ കെട്ടിടങ്ങൾക്ക് എപ്രകാരമാണ് ഇളവും വർദ്ധനവും നൽകി നികുതി നിർണ്ണയിച്ചതെന്ന് വ്യക്തമല്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമല്ല. ഫ്രണ്ട് ഓഫീസിനായി സജ്ജീകരിച്ചിരിക്കുന്ന ഭാഗം നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. നിലവിൽ പഞ്ചായത്തിനുള്ളിൽ തന്നെയാണ് ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നത്. ഫ്രണ്ട് ഓഫീസ് സംവിധാനം സംബന്ധിച്ച സർക്കാർ ഉത്തരവ് സ.ഉ.(എം.സ്)123/2009 തസ്വഭവ തീ. 2.7.09 പ്രകാരമുള്ള അടിസ്ഥാനസൗകര്യങ്ങൾ ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടില്ല. വിവിധ ആവശ്യങ്ങൾക്കായി വരുന്നവർക്ക് ഇത് വളരെ അസൌകര്യം ഉണ്ടാക്കുന്നു.പൊതുജനങ്ങളുടെ അപേക്ഷകൾ സ്വീകരിക്കുവാനും വിവിധ സേവനങ്ങൾ നല്കുവാനുമായി ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതി അടിയന്തരമായി ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.12.16 | 11/16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26/7/16 മുതൽ 10/8/16 വരെ | 2011-12 മുതൽ 2015-16 വരെ | BA(HQ)11/8A-2489/195/6.10.16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

1. 26.7.11ലെ ജി.ഒ.(എംഎസ്) 152/11 നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. നികുതി/നികുതിയേതര വരവുകളുടെ യഥാർത്ഥ കണക്കുകൾ ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല
3. ബി-4 ഷെഡ്യൂൾ പ്രകാരമുള്ള സാക്ഷരത,എസ്.എസ്.എ ഇനങ്ങളിലെ തുകകൾ ബി-17 ഷെഡ്യൂളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. സ്ഥിരനിക്ഷേപ രജിസ്റ്റർ ശരിയായ വിധത്തിൽ എഴുതിസൂക്ഷിക്കാത്തതിനാൽ ബി-12ഷെഡ്യൂളിലെ തുകകളുടെ കൃത്യത വ്യക്തമല്ല
5. ബാലൻസ്ഷീറ്റ് ബി-9 ഷെഡ്യൂളിലെ "Recoveries payable-Banks &other financial institutions" ഇനത്തിലുള്ള 13500/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് 15-16 ൽ തിരിച്ചടച്ചിട്ടും ബാദ്ധ്യതയായി കാണിച്ചിരിക്കുന്നു
6. ബാലൻസ്ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരമുള്ള ബാദ്ധ്യത തുകകളും ബിൽരജിസ്റ്ററിലെ തുകകളും(4/16) പൊരുത്തപ്പെടുന്നില്ല.

| ഇനം | ബി-9 ഷെഡ്യൂൾ പ്രകാരം | ബിൽരജിസ്റ്റർ പ്രകാരം |
|---|---|---|
| പെൻഷൻകോൺട്രിബ്യൂഷൻ | 131287 | 95870 |
| എസ്.എൽ.ഐ | 6600 | 6300 |
| ജി.ഐ.എസ് | 5100 | 4900 |
| കെ.പി.ഇ.പി.എഫ് | 79800 | 79712 |
| എൽ.ഐ.സി | 10925 | 10828 |
| കെ.എസ്.എഫ്.എ -റിക്കവറി | 26000 | 18000 |
| കോ-ഓപ്പറേറ്റീവ് സൊസൈറ്റി -റിക്കവറി | 14000 | 12000 |

വികസനഫണ്ട് (ജനറൽ) സഞ്ചിതനിധി വരവ് ചെലവ് RP-31 ൽ പ്രതിഫലിക്കുന്നില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 കാലാവധി കഴിഞ്ഞ ചെക്കുകൾ ക്യാൻസൽ ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്ത് ഇഷ്യു ചെയ്ത ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ചു നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ,ചട്ടം46).ദീർഘകാലമായി പണമായി മാറാത്ത ചെക്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 17049 | 10.12.2015 | രൂ.1000/-രൂ. |

മേൽ ചെക്ക് ക്യാൻസൽ ചെയ്ത് ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3-1 വസ്തുനികുതി പരിഷ്കരണം ഭേദഗതി -അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല.

24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതിപ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ്, 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ

ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇത് പ്രകാരം പഞ്ചായത്ത് ഭരണസമിതി മേൽ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് തീരുമാനിച്ച് വിജ്ഞാപനം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-3-2 വസ്തുനികുതി നിർണ്ണയത്തിന്റെ പൂർണമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2015-16 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രജിസ്റ്റർ, ഫയലുകൾ. സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതൾ ചുവടെ ചേർക്കുന്നു,

1.തൻവർഷത്തെ വസ്തുനികുതിനിർണ്ണയ രജിസ്റ്ററിൽ ,2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12(1),(4),(6) മുതലായവ പ്രകാരം രേഖപ്പെടുത്തേണ്ട വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ഇളവുകൾ, വർദ്ധനവുകൾ അനുവദിച്ചതിന്റെ വിവരങ്ങൾ

രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ മേൽ ചട്ടങ്ങളിലെ ചട്ടം 12(4),(6) എന്നിവ പ്രകാരം സൂക്ഷിക്കേണ്ട ഫാറം 6 ൽ കെട്ടിടത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി ചട്ടങ്ങൾ പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ എല്ലാ കെട്ടിടങ്ങളുടെയും ഫാറം 6 ലഭ്യമാകുന്നില്ല. കെട്ടിടങ്ങൾക്ക് എപ്രകാരമാണ് ഇളവും വർദ്ധനവും നൽകി നികുതി നിർണ്ണയിച്ചതെന്ന് വ്യക്തമല്ല. ആയതിനാൽ നികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കുന്നതിന് പൂർണ്ണമായ രേഖപ്പെടുത്തലുകൾ നടത്തി രജിസ്റ്റർ, ഫയലുകൾ എന്നിവ അടിയന്തിരമായി ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12) മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്റർ പൂർണമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.2015-16 വർഷത്തെ വസ്തുനികുതിനിർണ്ണയ രജിസ്റ്ററിൽ ചേർത്തിട്ടുള്ളതും ജഗൻ തോമസ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതുമായ 125.83 ച.മീ തറവിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ (നം.19/318D) ഫാറം 6 സഞ്ചയ റവന്യൂ മൊഡ്യൂൾ പ്രോപ്പർട്ടി ടാക്സിൽ പരിശോധിച്ചതിൽ നികുതി '0' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

തൻ വർഷം നികുതി നിർണയം നടത്തിയ എല്ലാ കെട്ടിടങ്ങളുടെയും നികുതി നിർണയം പരിശോധിക്കേണ്ടതും ചട്ടപ്രകാരമുള്ള ഇളവുകൾ/വർദ്ധനവുകൾ മാത്രമാണ് നൽകിയതെന്ന് ഉറപ്പുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-3-3 വസ്തുനികുതി പരിഷ്കരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിന് 2011-ൽ സർക്കാർ പുറപ്പെടുവിച്ച, 14.1.2011-ലെ കേരള അസാധാരണ ഗസറ്റ് നം.82, 14.1.2011-ലെ വിജ്ഞാപനം (സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.20/2011/തസ്വഭവ) പ്രകാരം എസ്.ആർ.ഒ നം.37/2011 ആയി ഗ്രാമപഞ്ചായത്തുകളിലെ പ്രസിദ്ധീകരിക്കപ്പെട്ട

പരിഷ്കരണ ചട്ടങ്ങൾ (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ), ചട്ടപ്രകാരമുള്ള പരിഷ്കരണം നടപ്പാക്കുന്നതിന് സർക്കാർ നിശ്ചയിച്ച സമയപ്പട്ടിക, തദ്ദേശസ്വയംഭരണവകുപ്പിന്റെ 9.3.12-ലെ ജി.ഒ (ആർടി) നം.716/2012, പഞ്ചായത്ത് ഡയറക്ടറുടെ 8.7.13, 2.5.14 എന്നീ തീയതികളിലെ സി6-6865/11 നമ്പർ സർക്കുലറുകൾ തദ്ദേശസ്വയംഭരണവകുപ്പിന്റെ 27.04.2015-ൽ ജി.ഒ.(എംഎസ്) 144/2015 നമ്പറായി ആയി പുറപ്പെടുവിച്ച ഭേദഗതികൾ, 29.06.2015 ലെ സ.ഉ(എം.എസ്)നം.213/2015 എന്നിവപ്രകാരം പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണത്തിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ, പഞ്ചായത്തിലെ ആകെ കെട്ടിടങ്ങളുടെയും കെട്ടിടങ്ങളുടെ നമ്പറിംഗ് പൂർത്തീകരിച്ചതിന്റെയും വിവരം, സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തി ഡിമാന്റ് തയ്യാറാക്കി നോട്ടീസ് നൽകിയ കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ കെട്ടിടങ്ങളുടെ മാപ്പിംഗ് പൂർത്തീകരിച്ചതിന്റെ വിവരം, ആകെ കെട്ടിടങ്ങളുടെ എണ്ണം, മാപ്പിംഗ് പൂർത്തീകരിച്ചതിന്റെ എണ്ണം/ശതമാനം മുതലായവ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ വസ്തുനികുതിപരിഷ്കരണ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ബാങ്കിംഗ് സ്ഥാപനങ്ങളെ വാണിജ്യാവശ്യത്തിനുള്ള 'ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷനുകൾ' എന്നതിന്റെ ഉപയോഗക്രമത്തിൽപ്പെടുത്തിയതായി കാണുന്നു. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

## 2-3-4 <u>സഞ്ചയ സോഫ്റ്റ് വെയറിൽ നികുതിനിർണയം നടത്തിയതിലെ അപാകത</u>

2015-16 വർഷം നിർമ്മാണം പൂർത്തിയായതും വസ്തുനികുതിനിർണ്ണയം നടത്തിയതുമായ കെട്ടിടങ്ങളുടെ നികുതിയുടെ വിശദാംശങ്ങളുമായി ബന്ധപ്പെട്ട് സഞ്ചയ റവന്യൂ മൊഡ്യൂൾ പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

സഞ്ചയ റവന്യൂ മൊഡ്യൂൾ പ്രോപ്പർട്ടി ടാക്സിൽ 2015-16 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ ഫാറം- 6 ൽ വസ്തുനികുതി നിലവിൽ വന്ന വർഷം 2013 Ist half എന്നും ഡിമാന്റ് ചെയ്ത വർഷം 2013-14 എന്നും കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടനം | കെട്ടിട ഉടമയുടെ പേര് | കെട്ടിടനിർമ്മാണം പൂർത്തിയായ തീയതി | സഞ്ചയ പ്രകാരം നികുതി നിലവിൽ വന്ന വർഷം |
|---|---|---|---|---|
| 1 | III/225B | സാജൻ സി ആൻഡ്രൂസ്, ചക്കാലയിൽ | 03/07/15 | 2013-14 Ist half |
| 2 | IV/574ABC | എ.റ്റി ചാക്കോ, അറയ്ക്കത്തറ | 04/09/15 | 2013-14 Ist half |
| 3 | XII/125B | കവിത സുരേഷ് , | 01/07/15 | 2013-14 |

| | | | | |
|---|---|---|---|---|
| | | കോയിപ്പുറത്ത് | | Ist half |
| 4 | XIX/318ABCD | ജഗൻ തോമസ്, കോയിപ്പള്ളിൽ | 18/05/15 | 2013-14 Ist half |
| 5 | IV/423ABCD | ഷൈലമ്മ, തടത്തിൽ പറമ്പിൽ | 05/06/15 | 2013-14 Ist half |
| 6 | V/31A | പി.വി അഗസ്റ്റിൻ, പുതുപ്പറമ്പിൽ | 04/01/16 | 2013-14 Ist half |
| 7 | IX/381ABCD | ശിവരാമൻ നായർ, മുണ്ടാരത്ത് | 01/07/15 | 2013-14 Ist half |
| 8 | XVII/415A,B,C | ശ്യാമ എം, തൃക്കാർത്തിക | 17/09/15 | 2013-14 Ist half |
| 9 | XX/247A | സുഭാഷ്, കോക്കംപാടം | 21/05/15 | 2013-14 Ist half |
| 10 | I/345A | എൻ.എസ് ജയശ്രീ, ചൈത്രം | 07/08/15 | 2013-14 Ist half |

ഇപ്രകാരം ഡിമാന്റ് ചെയ്ത നികുതി ഈടാക്കുന്നതെങ്ങനെയെന്ന് വ്യക്തമല്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക വസ്തുനികുതിയുടെ വിവരം ലഭ്യമല്ല. 2015-16 വർഷത്തെ വസ്തുനികുതിയുടെ ഡി.സി.ബി ലഭ്യമാക്കേണ്ടതും തൻവർഷം നികുതി നിർണയം നടത്തിയ എല്ലാ കെട്ടിടങ്ങളുടെയും സഞ്ചയ സോഫ്റ്റ് വെയറിലുള്ള ഡിമാന്റ് പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

## 2-3-5 വസ്തുനികുതി ഈടാക്കിയതിൽ കുറവ്.

2015-16 വർഷത്തെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, വസ്തുനികുതി നിർണയ ഫയൽ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് സമിതിയുടെ 17.12.2011 ലെ VI-ാം നമ്പർ തീരുമാന പ്രകാരമുള്ള അന്തിമ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന നിരക്ക് നൽകി നികുതിനിർണയം നടത്തിയതായി കാണുന്നില്ല. പഞ്ചായത്ത് പ്രദേശത്തെ 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന നികുതി നിരക്ക് ച.മീറ്ററിന് 30/- രൂപയും 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന നികുതി നിരക്ക് ച.മീറ്ററിന് 50/- രൂപയുമാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/കെട്ടിട നം | ഉടമയുടെ പേര് | നികുതി നിർണയ രജിസ്റ്റർ പ്രകാരം ഉപയോഗക്രമം | തറ വിസ്തീർണം (ച.മീ) | നിർണ്ണയിച്ച നികുതി (രൂപ) | നിർണ്ണയിക്കേണ്ട നികുതി(രൂപ) | നിർണ്ണയിച്ചതിൽ കുറവ് (രൂപ) |
|---|---|---|---|---|---|---|
| IV/423A B C D | ഷൈലമ്മ, തടത്തിൽ പറമ്പിൽ | വാണിജ്യാവശ്യം | 111.71 | 3351+667 (20%റോഡ് വർദ്ധനവ് )= 4022 | 5586+1117 =6703 | 2681/- |
| XVII/415A | ശ്യാമ.എം ,തൃക്കാർത്തിക | വാണിജ്യാവശ്യം | 498.97 | 14969+2994 (20%റോഡ് വർദ്ധനവ് )= 17963 | 24948+4990 =29938 | 11975/- |
| XVII/309 A1-A18 | കെ.എ.അഗസ്റ്റിൻ ,അന്നമ്മ അഗസ്റ്റിൻ | വാണിജ്യാവശ്യം | 493.15 | 19726+3945 (20%റോഡ് വർദ്ധനവ്= 23672 | 24658+4932= 29590 | 5918/- |

വസ്തുനികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8) മറുപടി ലഭ്യമാക്കിയില്ല. ഈ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് നികുതി പുനർനിർണ്ണയിച്ച്, ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-3-6 കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതായി രേഖയില്ല.

2015-16 വർഷത്തെ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ ചേർത്ത് കെട്ടിടനമ്പർ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതിയുടെ വിവരങ്ങൾ രജിസ്റ്ററിലോ, സഞ്ചയ സോഫ്റ്റ് വെയറിലോ ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടനം | ഉടമയുടെ പേര് | ഉപയോഗക്രമം | തറ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|---|
| 1 | VI/130A | പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ | ഫ്ലവർ മിൽ | 40.02 |

| | | | | |
|---|---|---|---|---|
| 2 | VI/130 B | പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ | ആംബുലൻസ് പാർക്കിംഗ് മൊബൈൽ മോർച്ചറി | 128.88 |
| 3 | VI/130 C | പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ | കമ്പ്യൂട്ടർ സെന്റർ | 128.88 |
| 4 | VI/130 D | പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ | വെൽഡിംഗ് വർക്ക് ഷോപ്പ് | 40.02 |
| 5 | VI/238A | പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ | രേഖപ്പെടുത്തിയിട്ടില്ല. | 41.2 |
| 6 | V/396 A | ജനറൽ സെക്രട്ടറി, എൻ.എസ്.എസ് | ഹോമിയോ കോളേജ് | 40 |

ഈ കെട്ടിടങ്ങളുടെ വസ്തു നികുതിനിർണ്ണയത്തിന്റെയും തൻവർഷം വസ്തു നികുതി ഈടാക്കിയതിന്റെയും വിശദാംശങ്ങൾ രേഖകൾ സഹിതം പരിശോധനയ്ക്കായി ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-3-7 വിമുക്തഭടന്മാർക്ക് വസ്തുനികുതിയിളവ് നൽകിയതിലെ അപാകത.

പഞ്ചായത്തിലെ താമസക്കാരായ വിമുക്തഭടന്മാർക്ക് 2015-16 വർഷം വസ്തുനികുതിയിളവ് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വസ്തുനികുതിയിളവ് നൽകുന്നതിന് ജി.ഒ (എം.എസ് )242/2013 ത.സ്വ.ഭ .വ തീ. 02.07.2013 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.വസ്തുനികുതിയിളവ് നൽകുന്നത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

2.തറവിസ്തീർണം 2000 ചതുരശ്രഅടിയിൽ (185 ച.മീറ്റർ) കവിയാത്ത വീടിന് മാത്രമെ ഇളവിന് അർഹതയുള്ളൂ. എന്നാൽ നികുതിയിളവിനുള്ള അപേക്ഷയിന്മേൽ അന്വേഷണം നടത്തി ഈ നിബന്ധന പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. 2015-16 വർഷം 2000 ചതുരശ്രഅടിയിൽ (185 ച.മീറ്റർ) കൂടുതൽ തറവിസ്തീർണ്ണമുള്ള വീടുകൾക്കും നികുതിയിളവ് നൽകിയതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | പേര് | തറവിസ്തീർണ്ണം (ച.മീറ്റർ) |
|---|---|---|---|
| 1 | 13/447 | കെ.എം തോമസ്, കരികിലാക്കുഴിയിൽ | 400.44 |
| 2 | XII/313 | ചന്ദ്രശേഖരൻ നായർ, വേടൻപറമ്പിൽ | 195 |
| 3 | VIII/266 | ലാൽസൺ വർഗീസ്,സ്ഥാനമാംനവീട്ടിൽ | 270 |
| 4 | X/58 | തോമസ് കെ.ഡി, കൂടത്തിൽ | 188 |
| 5 | 19/225 | സത്യദാസ് റ്റി.വി, തുണ്ടിയിൽ | 196 |

ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദേശം പാലിച്ചിട്ടുണ്ടെന്നും 2015-16 വർഷം നികുതിയിളവ് നൽകിയ അപേക്ഷകൾ എല്ലാം പരിശോധിച്ച് നികുതിയിളവിന് അർഹതയുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് ഇളവനുവദിച്ചിരിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 2-3-8 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2015-16 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ, വസ്തുനികുതി പരിഷ്കരിച്ചതും സഞ്ചയ റവന്യുഡേറ്റാബേസിൽ ഉൾപ്പെടുന്നതുമായ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ എണ്ണം, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം. 40395/RC2 /2014/LSGD വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതി വിവരങ്ങൾ സഞ്ചയ റവന്യുഡേറ്റാബേസിൽ ഉൾപ്പെടുത്തി, നികുതി ഈടാക്കി ഓഡിറ്റിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-3-9 വസ്തുനികുതി- ഒരേ കെട്ടിടത്തിന് വ്യത്യസ്ത കെട്ടിട നമ്പരുകൾ നൽകിയിരിക്കുന്നു

1. ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ റവന്യൂമൊഡ്യൂൾ-പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ "വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ----"എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് നൽകിയതായി കാണുന്നു.

| ഉടമസ്ഥന്റെ പേര് | കെട്ടിട നം | വിസ്തീർണ്ണം |
|---|---|---|
| പി.സി.രാജു,സുദർശന | 3/233 A to H | സെല്ലാർ-371.82 ച.മി |
| ,, | 3/233 H | താഴത്തെ നില-435.56 ച.മി |

2. ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ റവന്യൂമൊഡ്യൂൾ-പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ നികുതി "ഇതരവ്യവസായം"എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി 2015-16 IInd half മുതൽ ഡിമാന്റ് ചെയ്തതായി കാണുന്നു. എന്നാൽ ഇതിന്റെ ഫാറം.6 സഞ്ചയയിൽ ലഭ്യമാകുന്നില്ല. വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും ഇവയുടെ വിവരങ്ങൾ ചേർത്തിട്ടില്ല.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നം | ഡിമാന്റ് തുക(full year) |
|---|---|---|---|
| 1 | പി.സി.രാജു,സുദർശന | 3/233 A1to A8 | 43599+2180+4360 |
| 2 | ,, | 3/233 A1to A7 | 17848+895+1785 |
| 3 | കെ.എ അഗസ്റ്റിൻ, അന്നമ്മ അഗസ്റ്റിൻ | 17/309 A to R | 24672+1184+2368 |

ടി കെട്ടിടങ്ങളുടെ നികുതി അസ്സസ്സ് ചെയ്ത വർഷം, ബന്ധപ്പെട്ട ഫയലുകൾ എന്നിവ അടിയന്തിരമായി ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികളുടെ (നം.16,17) മറുപടിയിൽ മേൽപ്പറഞ്ഞ3/ 233 A to H,3/233 H എന്നീ കെട്ടിടങ്ങളും 3/233 A1to A8, 3/233 A1to A7 എന്നീ കെട്ടിടങ്ങളും 3/234 A to H എന്ന് നമ്പർ നൽകിയ ഒരു കെട്ടിടം തന്നെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി മറുപടി പ്രകാരം 17/309 A to Rഎന്ന കെട്ടിടനമ്പർ തെറ്റായി നൽകിയതാണെന്നും, 17/309 A 1-A18 എന്നതാണ് ടി കെട്ടിടത്തിന്റെ ശരിയായി നമ്പർ എന്നും വ്യക്തമാക്കിയിരിക്കുന്നു. ഇപ്രകാരം നികുതി നിർണയിച്ചത് മൂലം സഞ്ചയയിലെ വസ്തുനികുതി ഡിമാന്റ് ഉയർന്നുനിൽക്കുന്നു. സഞ്ചയയിൽ ഇൻവേഡ് ഫയലിന്റെ സ്ഥിതിവിവരങ്ങൾ പരിശോധിച്ചതിൽ A4 1609/16 നം ഫയൽ വിവിധ തീയതികളിൽ (11.03.16,14.03.16,15.03.16,16.03.16) ആരംഭിച്ചതായും സെക്രട്ടറി അപ്രൂവ് ചെയ്തതായും കാണുന്നു. സെക്രട്ടറിയുടെ നടപടികളിൽ അവ്യക്തത ഉള്ളതിനാൽ ഇതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഒരേ കെട്ടിടത്തിന് വ്യത്യസ്ത കെട്ടിടനമ്പരുകൾ നൽകുന്നത് ക്രമപ്രകാരമല്ല. അപാകത പരിഹരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-4-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2015-16 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ലായെന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജീവനക്കാരന്റെ/ സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | രാജാസ് ഇന്റർനാഷണൽ സ്കൂൾ, എസ്. പുരം | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ |
| 2 | ഇളംകാവ് വിദ്യാമന്ദിർ, മലകുന്നം | ,, |
| 3 | മുത്തൂറ്റ് മിനി ഫൈനാൻസിയേഴ്സ്, കുറിച്ചി | ,, |
| 4 | കൊശമറ്റം ഫൈനാൻസ്, തുരുത്തി | ,, |
| 5 | സെന്റ് മേരീസ് കോളേജ്, കുറിച്ചി | ,, |
| 6 | പയനിയർ കോളേജ്, കുറിച്ചി | ,, |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ഒന്നു മുതൽ നാല് വരെ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി 16-17 മുതൽ തൊഴിൽ നികുതി ഈടാക്കുവാൻ തുടങ്ങിയെന്നും 4,5 സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4-2 ഡി & ഒ ലൈസൻസ്- സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ / ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ |
|---|---|---|---|

| നമ്പർ | | | എണ്ണം |
|---|---|---|---|
| 1 | അനിൽകുമാർ പി, മലകുന്നം | മംഗലശ്ശേരി ഇൻഡസ്ട്രീസ് & എക്സ്പോർട്ടേഴ്സ് | 30 |
| 2 | എൻ ജി ബാലകൃഷ്ണൻ, വാഴപ്പള്ളി | ഡെസ്റ്റൺ വുഡ്സ് | 30 |
| 3 | ഷിബി എലിസബത്ത്, പാത്താമുട്ടം | മരിയൻ ഇൻഡസ്ട്രീസ് | 35 |
| 4 | മഞ്ജു സണ്ണി, ചിങ്ങവനം | ഷാരോൺ പോളിമേഴ്സ് | 14 |
| 5 | സി ജെ പോൾ, തുരുത്തി | എയ്ഞ്ചൽ റബ്ബേഴ്സ് | 10 |
| 6 | വേണുഗോപാൽ വി എസ്, ചിറയിൻകീഴ് | കൃഷ്ണാ ഗാർമെന്റ്സ് & വുഡ്ക്രാഫ്റ്റ്സ് | 16 |
| 7 | തോമസ് കെ കുര്യൻ, കുറിച്ചി | കോൺകോഡ് അസ്സോസ്സിയേറ്റ്സ് | 10 |
| 8 | ലിനു ചെറിയാൻ, വരാത്തറ, നീലംപേരൂർ | ലീ അസ്സോസ്സിയേറ്റ്സ് | ലഭ്യമല്ല |
| 9 | ലിനു ചെറിയാൻ, വരാത്തറ, നീലംപേരൂർ | ഐറിൻ റബ്ബേഴ്സ് | ലഭ്യമല്ല |
| 10 | സി കെ ബേബി, പാക്കിൽ | റെനോ വെനീർസ് | 9 |
| 11 | സി കെ ബേബി, പാക്കിൽ | സി കെ ഇൻഡസ്ട്രീസ് | 9 |
| 12 | ജോണി വർഗ്ഗീസ്, നേര്യത്ര, കുറിച്ചി | അസറേൽ റബ്ടെക് | 9 |
| 13 | ബീനാ ജോണി, നേര്യത്ര, കുറിച്ചി | ഏദൻ അസ്സോസ്സിയേറ്റ്സ് | 9 |
| 14 | ജോജി വർഗ്ഗീസ്, നേര്യത്ര, കുറിച്ചി | എം ബി എം ഇൻഡസ്ട്രീസ് | 7 |
| 15 | സാജൻ സി ആൻഡ്രൂസ്, ചക്കാലയിൽ, കുറിച്ചി | സാജ്കോ എഞ്ചിനീയറിംഗ് വർക്സ് | 21 |
| 16 | ഡിറ്റോ ജേക്കബ്, അറയ്ക്കത്തറ, പള്ളം | മാർഷൽ റബ്ബേഴ്സ് | 6 |
| 17 | ഡിറ്റോ ജേക്കബ്, അറയ്ക്കത്തറ, പള്ളം | അറയ്ക്കത്തറ റബ്ബർ ഇൻഡസ്ട്രീസ് | 3 |
| 18 | ഡിജോ ജേക്കബ്, അറയ്ക്കത്തറ, പള്ളം | അറയ്ക്കത്തറ റീക്ലമേഷൻസ് | 7 |
| 19 | ഡിജോ ജേക്കബ്, അറയ്ക്കത്തറ, പള്ളം | അറയ്ക്കത്തറ റബ്ബർ ഇൻഡസ്ട്രീസ് | 4 |
| 20 | എ റ്റി ചാക്കോ, അറയ്ക്കത്തറ, പള്ളം | അറയ്ക്കത്തറ എന്റർപ്രൈസസ് | 6 |

| | | | |
|---|---|---|---|
| 21 | ബേബിക്കുട്ടി ചാക്കോ, അറയ്ക്കത്തറ, പള്ളം | പ്രിയ റബ്ബർ ഇൻഡസ്ട്രീസ് | 8 |
| 22 | തോമസ് തോമസ്, അറയ്ക്കത്തറ, പള്ളം | തോംസൺ റബ്ബേഴ്സ് | 6 |
| 23 | തോമസ് തോമസ്, അറയ്ക്കത്തറ, പള്ളം | അറയ്ക്കത്തറ അസ്സോസ്സിയേറ്റ്സ് | 7 |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു. സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4-3 സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും 2015-16 സാമ്പത്തികവർഷം തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയിട്ടില്ലായെന്ന കാണുന്നു.(www.keralataxes.gov.in) വിശദാംശങ്ങൾ ചുവടെ

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കല്ലുകളം ഫൈനാൻസിയേഴ്സ്, ഉരുത്തി |
| 2 | കേരള ജനറൽ ഫൈനാൻസസ്, മന്ദിരം ജംഗ്ഷൻ |
| 3 | കുടത്തിങ്കൽ ഫൈനാൻസസ്, എം സി റോഡ്, കുറിച്ചി |
| 4 | നോയൽ ഫൈനാൻസിയേഴ്സ്, നീലംപേരൂർ |
| 5 | മണി ലെൻഡിംഗ് , ഇത്തിത്താനം |
| 6 | സുധ ഫൈനാൻസിയേഴ്സ്, എസ്.പുരം |
| 7 | നാഷണൽ ഫൈനാൻസിയേഴ്സ്, മലകുന്നം |
| 8 | ശ്രീ നാരായണ ബാങ്കേഴ്സ്, ഔട്ട് പോസ്റ്റ് |
| 9 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, ഉരുത്തി |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതാണെന്ന് അറിയിച്ചു. സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 ബിൽഡിംഗ് പെർമിറ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

1. 2015-16 വർഷം പെർമിറ്റ് (നം.A4.6142/15, തീ.02.12.2015) നൽകിയ മാനേജർ, ഇൻഡസ് ടവേഴ്സിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ പെർമിറ്റ് കാലാവധി 01.12.2016 വരെയായിരുന്നു.

ഇതിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെയും നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 130 പ്രകാരം തുടർനടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22) മറുപടി ലഭ്യമാക്കിയില്ല.

2. പഞ്ചായത്ത് പരിധിയിൽ 2015-16 വർഷം അനധികൃതനിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
3. പെർമിറ്റില്ലാത്ത നിർമ്മാണങ്ങളുടെ കാര്യത്തിൽ അവയുടെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തി, കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137(3) പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ്

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ സ്ഥാപനരജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.ആയതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. 2014-15 സാമ്പത്തികവർഷം 267 സ്ഥാപനങ്ങൾ ലൈസൻസിനായി പഞ്ചായത്തിനെ സമീപിച്ചപ്പോൾ 2015-16 സാമ്പത്തികവർഷം 273 സ്ഥാപനങ്ങളാണ് ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിച്ചത്.ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ പ്രവർത്തിക്കേണ്ട സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കുവാനും, തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽ നികുതിയും അടവാക്കാനുമാവശ്യപ്പെട്ടുകൊണ്ട് ഡിമാന്റ് നോട്ടീസ് നൽകുന്നില്ല. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. ഒരു ദിവസത്തെ വിറ്റുവരവ്, സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം എന്നിവ ഭൂരിഭാഗം അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. 30 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ഉപയോഗിക്കുന്നില്ലായെന്നുള്ള സാക്ഷ്യപത്രം അപേക്ഷകളോടൊടൊപ്പം സമർപ്പിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ സ്ഥാപനരജിസ്റ്റർ തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളും നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നതെന്നും, എല്ലാ സ്ഥാപനങ്ങളും സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. നിയമാനുസൃതമല്ലാതെയും, ലൈസൻസ് പുതുക്കാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്,സെക്ഷൻ 255 പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 പാരാമെഡിക്കൽ - ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു.

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ ചുവടെ ചേർക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളും, ട്യൂട്ടോറിയൽ സ്ഥാപനങ്ങളും 2015-16 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെയാണ് പ്രവർത്തിച്ചതെന്ന് രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ നിന്നും കാണുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ജീന കാരുണ്യ ക്ലിനിക്കൽ ലബോറട്ടറി, പൊൻപുഴ, ഇത്തിത്താനം. |
| 2 | ശാലോം ഡയഗ്നോസ്റ്റിക് സെന്റർ, മന്ദിരം ജം.,കുറിച്ചി |
| 3 | സി എം ലബോറട്ടറി, മന്ദിരം കവല |
| 4 | മരിയൻ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് |

| | |
|---|---|
| 5 | റോസരി ഡെന്റൽ ലാബ് |
| 6 | ഹീൽ & കെയർ, ഔട്ട് പോസ്റ്റ് |
| 7 | സെന്റ് മേരീസ് കോളേജ്, കുറിച്ചി |
| 8 | പയനിയർ കോളേജ്, കുറിച്ചി |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15) സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളും, ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുന്നുവെന്നും നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതും, രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൻമേൽ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-8 ഓഡിറ്റ് ഇംപാക്ട്

വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലായെന്ന കാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10) ലഭ്യമാക്കിയ മറുപടിയോടൊപ്പം പഞ്ചായത്തു ഫണ്ടിനുണ്ടായ 3000/- രൂപായുടെ നഷ്ടം ലൈസൻസിയിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ വരവുചേർത്ത് വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട് (രസീത് നം.11601103734 തീയതി 03.01.2017, രസീത് നം.11601103730 തീയതി 03.01.2017, രസീത് നം.11601103731 തീയതി 03.01.2017).

## 2-9 കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് 2011 നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് 2011 പബ്ലിഷ് ചെയ്ത് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ഇത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ് എന്ന് പ്രസ്താവിക്കുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തി. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് കൃരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ വഴിവാണിഭക്കാർ തുടങ്ങിയവർ രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,800 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ മാനേജ്മെന്റ് ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുണ്ട്. കേന്ദ്രനിയമം നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മീഡിയാശ്രീ പദ്ധതി

പ്രോജക്ട് നം. 153/16

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

അടങ്കൽ -65000 (വികസന ഫണ്ട്)

ചെലവു തുക-65000 (ബിൽ നം. 7/15-16/30.9.15)

മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള

പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 65000രൂപ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ ഡി.ഡി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഡോക്കുമെന്റേഷൻ നടത്തിയതായോ ഷൂട്ടിംങ്ങ് പ്രക്രീയ പൂർത്തിയായതായോ രേഖകളില്ല. ടിയിനത്തിൽ ചെലവഴിച്ച തുകയുടെ വിനിയോഗ വിവരം,പൂർത്തീകരണ രേഖകൾ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക്(2)ഡോക്കുമെന്റേഷൻ ചെയ്തിട്ടുണ്ട് എന്നും ആയതിന്റെ സി.ഡി കുടുംബശ്രീമിഷനിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പൂർത്തീകരണ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ടിയിനത്തിൽ ചെലവഴിച്ച 65000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ബാലസഭാ പ്രവർത്തനങ്ങൾ-ചെലവുരേഖകളില്ല.

പ്രോജക്ട് നം. 157/16

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

അടങ്കൽ -35000(വികസന ഫണ്ട്)

ചെലവു തുക-35000(ബിൽ നം. 8/15-16/30.9.15)

പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക എന്നലക്ഷ്യത്തോടെ വാർഡു തലത്തിൽ ബാലസഭ രൂപീകരിക്കുന്നതിനായി 35000 രൂപ പിൻവലിച്ച് സി.ഡി.എസ്.ചെയർ പേഴ്സൺ/മെമ്പർ സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ആകെ 20 വാർഡുകളുള്ളതിൽ 10 വാർഡുകളിൽ 2015 മെയ് മാസം നടത്തിയ ബാലസഭാ പ്രവർത്തനങ്ങളുടെ ചെലവിന്റെ വിശദാംശങ്ങൾ (15000 രൂപയുടെ) മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളത്. ചെലവുരേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (നം.2) 20 വാർഡുകളിലും ബാലസഭ രൂപീകരിച്ചിട്ടുണ്ട് എന്നും ചെലവു വൌച്ചറുകൾ ഹാജരാക്കുന്ന മുറയ്ക്ക് തുക നൽകുന്നതുമാണെന്ന് മറുപടി ലഭ്യമാക്കിയത്. ചെലവുരേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 10 വാർഡുകളിൽ നാളിതുവരെ ബാലസഭാ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല എന്ന് കരുതുന്നു. നാളിതുവരെ തുക ചെലവഴിക്കാത്തതിനാൽ കുടുംബശ്രീയുടെ അക്കൗണ്ടിൽ -ടി- പ്രോജക്ടിനായി നിക്ഷേപിച്ച തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 എസ്സ്.സി.കുട്ടികൾക്ക് സൈക്കിൾ വിതരണം'-അപാകതകൾ

പ്രോജക്ട് നം.30/16

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടിനായി 600000 രൂപ വികസനഫണ്ട് വകയിരുത്തിയിരുന്നു. 45 പേർക്ക് സൈക്കിൾ വാങ്ങുന്നതിനായി 180000 രൂപ ഡി.ഡി.നം.603450/ 28.3.2016സിഡ്ക്കോ, കോട്ടയം എന്ന സ്ഥാപനത്തിന് നൽകി. പ്രോജക്ട് നടപ്പാക്കിയതിൽ ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സിഡ്ക്കോയുമായി എഗ്രിമെന്റ് വച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. മറ്റു വകുപ്പുകളിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നു തെളിയിക്കുന്ന രേഖകൾ, അപേക്ഷ എന്നിവ ഒരു

ഗുണഭോക്താക്കളും ഹാജരാക്കിയിട്ടില്ല.

3. രാഹുൽ.സി.ആർ, ചിറയ്ക്കൽ, ദേവികാ ദിലീപ്, ആപ്പിച്ചിറയിൽ, രാഹുൽ.കെ.എസ്, കൊച്ചുകാലായിൽ എന്നീ ഗുണഭോക്താക്കൾക്ക് യാതൊരു രേഖകളും ഇല്ലാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത് (അപേക്ഷ, ജാതി തെളിയിക്കുന്നതിനുള്ള രേഖകൾ, സ്കൂളിന്റെ സാക്ഷ്യപത്രം, ബി.പി.എൽ ആണെന്ന തെളിയിക്കുന്നതിനുള്ള രേഖകൾ)

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക്(1) രേഖകൾ തെരഞ്ഞെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. ക്രമനം.3 പ്രകാരം 3 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയയിനത്തിലെ ചെലവ് 12000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഹൃദ്രോഗം - വൃക്കരോഗം ബാധിച്ചവർക്ക് മരുന്നുവാങ്ങൽ പദ്ധതി - 38995/-രൂപയുടെ മരുന്ന് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ 189/16 പ്രകാരം ഹൃദ്രോഗം - വൃക്കരോഗം ബാധിച്ചവർക്കുള്ള മരുന്നുവാങ്ങുന്നതിനായി 100000/-രൂപ (വികസനഫണ്ട് എസ് സി പി) ഡിഡി നം.604124 തീ. 31.3.16 മുഖേന ഡെപ്യൂട്ടി മാനേജർ, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിനു നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് സംബന്ധമായ ഫയൽ പരിശോധിച്ചതിൽ നിന്നും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നാളിതുവരെ 61005/- രൂപയുടെ മരുന്നു മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് (ഇൻവോയിസ് നം.1697 തീയതി 29.6.16 രൂ.30887 & ഇൻവോയിസ് നം. 4598 തീ. 14.11.16 രൂ. 30118). 38995/- രൂപയുടെ മരുന്ന് ലഭ്യമാക്കിയതായോ, മരുന്ന് ലഭ്യമാക്കുന്നതിന് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതായോ കാണുന്നില്ല.

കൂടാതെ ഹൃദയ - വൃക്കരോഗം ബാധിച്ച ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതു സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 38995/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ബിറ്റുമിൻ- ബാരൽ വില ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ (DSR പ്രകാരമുള്ളത്) ഉൾപ്പെടുത്തിയിട്ടുള്ള തുക സീൽഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ മടക്കി വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില നികുതി സഹിതം ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകുകയോ ചെയ്യേണ്ടതായിരുന്നു. ഇതു ചെയ്യാത്തതുമൂലം കരാറുകാരൻ/കൺവീനർക്ക് അധികം തുക നൽകിയിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം & പേര് | കൺവീനർ/കോൺട്രാക്ടർ |
|---|---|---|
| 1 | s0096/16 SNDP ജംഗഷൻ -പീച്ചങ്കരി റോഡ് -റീടാറിംഗ് | ശ്രീ.പി.പി.ഫിലിപ്പ് |
| 2 | 111/16 -ഉമ്പേപ്പറമ്പ്-കുറിച്ചി എച്ച് എസ് എസ് റോഡ്-റീടാറിംഗ് | |

| | | |
|---|---|---|
| 3 | 84/16 -പുളിമൂട് SNDP റോഡ്- റീടാറിംഗ് | ശ്രീ. പി.പി.ഫിലിപ്പ് |
| 4 | 69/16-കാലായിപ്പടി-അമ്മാനിപ്പടി റോഡ് റീടാറിംഗ് | ശ്രീ. പി.പി.ഫിലിപ്പ് |
| 5 | S00101/16-എസ് പുരം-പുത്തൻകോളനി റോഡ് റീടാറിംഗ് | ശ്രീ.എൻ.സി.ഉതുപ്പാൻ |

കരാറുകാരൻ/കൺവീനർക്ക് അധികം നൽകിയ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-6 സ്ഥിരനിക്ഷേപ രജിസ്റ്റർ കൃത്യമല്ല

ഗ്രാമപഞ്ചായത്തിലെ സ്ഥിരനിക്ഷേപ രജിസ്റ്റർ ശരിയായ വിധത്തിൽ എഴുതി സൂക്ഷിക്കുന്നില്ല.ഇത് സംബന്ധിച്ച അപാകതകൾ മുൻ റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് പരിഹരിച്ചിട്ടില്ല. രജിസ്റ്റർ പരിശോധിച്ചതിൽ 31.3.16 ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം 19,26,707/- രൂപയാണ്. എന്നാൽ വിവിധ സ്ഥിരനിക്ഷേപങ്ങളുടെ രസീതുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് 3733258/- രൂപയെന്ന് കാണുന്നു. കൂടാതെ വാർഷിക കണക്കിലെ ബി-12ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 3558878/- രൂപയാണ്. സ്ഥിരനിക്ഷേപ രജിസ്റ്ററിൽ യഥാർത്ഥ കണക്കുകൾ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും വാർഷിക കണക്കിലെ അപാകത പരിഹരിക്കേണ്ടതുമാണ്.

## 3-7 തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല.

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ എല്ലാ മാസവും കൺസ്യൂമർ നം.229 പ്രകാരം 90949 രൂപ അടവാക്കുന്നുണ്ട്. സർക്കുലർ നം. 65529/ഡി.സി3/2012തസ്വഭവ12.3.2013 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി സർക്കുലർ പാലിച്ചിട്ടില്ല. തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ച് വൈദ്യുതി ചാർജ്ജിനത്തിലെ അധികച്ചെലവ് ഒഴിവാക്കേണ്ടതാണ്.

## 3-8 നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.

തൻവർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രോജക്റ്റുകൾ പ്രകാരം വിവിധ ഏജൻസികളിൽ തുക ഒടുക്കിയിട്ടുണ്ടെങ്കിലും തുക നിർദ്ദിഷ്ട ആവശ്യത്തിനായി വിനിയോഗിച്ചതിന്റെ വിവരം പഞ്ചായത്തിൽ ലഭ്യമല്ല. സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം. | പ്രോഗ്രാം/പ്രോജക്റ്റ് | ഒടുക്കിയ തുക (രൂപ) | നിക്ഷേപിച്ച സ്ഥാപനം/ ഏജൻസി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | തെരുവുനായ നിയന്ത്രണ പരിപാടി | 200000 | ജില്ലാപഞ്ചായത്ത്, കോട്ടയം | വെറ്റിനറി സർജൻ |
| 2 | ഐ.എ.വൈ ഭവനം-അധിക വിഹിതം-ജനറൽ | 600000 | ബ്ലോക്ക് പഞ്ചായത്ത്, പള്ളം. | അസി.സെക്രട്ടറി |
| 3 | എസ്.എസ്.എ വിഹിതം | 537597 | പ്രോജക്റ്റ് ഓഫീസർ, എസ്.എസ്.എ, കോട്ടയം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി. |
| | ആകെ | 1337597 | | |

മേൽ തുകയിൽ എസ്.എസ്.എ പ്രോജക്റ്റിനായി നിക്ഷേപിച്ച തുകയുടെ പൊതുവായ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുമായി കേന്ദ്രവിഹിതമുൾപ്പടെ ചെലവഴിച്ച തുകയുടെ ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ നിക്ഷേപ ഏജൻസികളിൽ നിക്ഷേപിച്ച തുകയായ 13,37,597/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 പൊതുടാപ്പുകളുടെ വെള്ളക്കരം അധികം ഒടുക്കി

വെള്ളക്കരമിനത്തിൽ എല്ലാ മാസവും ടാപ്പിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 68250രൂപ (156ടാപ്പുകൾക്ക്) വാട്ടർ അതോറിറ്റിയിൽ അടവാക്കിവരുന്നു. എന്നാൽ, ചെക്ക് നം. 519948/16.12.15, 519949/16.12.15 എന്നിവ പ്രകാരം 69978രൂപ അടവാക്കിയതായി കാണുന്നു. വാട്ടർ അതോറിറ്റിയുടെ ബില്ലിൽ 30.11.15ലെ നീക്കിയിരുപ്പ് തുകയായ 1695 രൂപയും പലിശയിനത്തിലുള്ള 33 രൂപയും ഉൾപ്പെടെയുള്ള തുക ഒടുക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 1728 രൂപ അധികമായി അടവാക്കാനുള്ള സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (നം.3) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 1728 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ആശ്രയ പദ്ധതി

നിരാശ്രയരായ അഗതികുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയുടെ നടത്തിപ്പിനായി സർവ്വെ നടത്തി 60 പേർക്ക് സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 2004-2006കാലയളവിൽ ഒന്നാം ഘട്ട പ്രോജക്ട് ആരംഭിച്ചു. 2016 ലാണ് ഒന്നാം ഘട്ട പ്രോജക്ട് അവസാനിച്ചത്. പ്രസ്തുത പ്രോജക്ടിനായി ആരംഭിച്ച അക്കൗണ്ടിൽ 31.3.16 പ്രകാരം 835267രൂപ ബാലൻസ് ഉണ്ട്. 2005-2006 കാലയളവുവരെ മാത്രമാണ് ഭവനനിർമ്മാണത്തിന് തുക നൽകിയിട്ടുള്ളത്. അക്കൗണ്ടിൽ ബാലൻസ് നില്ക്കുന്ന ഫണ്ട് ഉപയോഗിച്ച് തുടർ പ്രോജക്ടിനുള്ള സർവ്വേ നടത്തി ഗുണഭോക്താക്കൾക്ക് സേവനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പട്ടികവർഗ്ഗ വിഭാഗത്തിനായി 2013-2016ൽ 19 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ആശ്രയ പദ്ധതി ആരംഭിച്ചു. ടിപദ്ധതിയ്ക്കായി 116733 രൂപ ചലഞ്ച് ഫണ്ട് ലഭിച്ചു. പ്രസ്തുത അക്കൗണ്ടിൽ 31.3.16 പ്രകാരം 34371 രൂപ ബാലൻസുണ്ട്.

2016ൽ രണ്ടാം ഘട്ട പ്രോജക്ടിന്റെ പ്രാരംഭ നടപടികൾ നടന്നു വരുന്നു.

ആശ്രയ പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ അധികാരികൾ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും അഗതികളുടെ പുനരധിവാസത്തിനായി സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (മുതൽ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ് -ഭവന പദ്ധതി ലോൺ | ജി.ഒ(സാധാ.)നം-725/2010/തസ്വഭവ /തീ.4-3-10 | 1,88,37,000 | 22,10,393 | 1883700 | - | 326693 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

രജിസ്റ്റർ കൃത്യമല്ല. ഖണ്ഡിക 3-6 കാണുക

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 500/-.രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2009-10 | 2-5c(2) | 500 | ശ്രീ.വി.എൻ.നന്ദകുമാർ, സെക്രട്ടറി | 11501103328/4.1.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-5 | 2006-07 | 3-33-1 | നാളികേരം അടിസ്ഥാനമാക്കി ചെറുകിട വ്യവസായം- തുക വകമാറ്റി ചെലവഴിച്ചു-1.2 ലക്ഷം പാഴായി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1999-00 | 2(എ) | 2002-03 | 5-10(1) | രസീത് മുഖേന പിരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തിയില്ല | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61818812 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65331970 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1455320 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക -

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 65000 | ശ്രീ.എബ്രഹാം സി.മാത്യു, സെക്രട്ടറി |
| 3-3 | 12000 | ശ്രീമതി കെ.വി.ജാനി , ഹെഡ്മിസ്ട്രസ് |
| 3-4 | 38995 | ഡോ.രശ്മി ജി., മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |
| 3-8 | 1337597 | ശ്രീമതി സുപ്രഭ, അസി.സെക്രട്ടറി (600000/-)<br>ശ്രീ.എബ്രഹാം സി.മാത്യു, സെക്രട്ടറി (537597/-)<br>ശ്രീമതി മായ ജയിംസ്, വെറ്ററിനറി സർജൻ (200000/-) |
| 3-9 | 1728 | ശ്രീ.എബ്രഹാം സി.മാത്യു, സെക്രട്ടറി |
| ആകെ | 1455320/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം – ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ- ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1.04.97 to 30.4.98 plan | എൽ.എഫ്.കെ.പി.8-484/00/8.12.2000 | |
| 1998-99(ചെലവ്) | എൽ.എഫ്.കെ.പി.8-329/02/20.01.13/13.06.13 | 17 |
| 1998-99(വരവ്) | എൽ.എഫ്.കെ.പി.8-1652/07/05.12.08 | 1 |
| 1999-2000(ചെലവ്) | എൽ.എഫ്.കെ.പി.8/536/03/26.02.2003 /8.10.2003 | 25 |
| 1999-2000(വരവ്) | എൽ.എഫ്.കെ.പി.8/1653/07/05.12.08 | 05 |
| 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.കെ.പി.8-954/03/10.6.2004 /2.08.2004 | 18 |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.കെ.പി.8/1654/07/7.11.09/31.12.09 | 02 |
| 2001-02 | എൽ.എഫ്.കെ.പി.11/331/14(4)/4.06.14 | 04 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി.11/242/14/8.04.14 | 18 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി.11/190/11 1-14/22.02.11 | 03 |
| 2003-04(ചെലവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 07 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 01 |
| 2004-05ചെലവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 17 |
| 2004-05(വരവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 03 |
| 2005-06 | എൽ.എഫ്.കെ.പി..11-242/14/8.04.14 | 08 |
| 2006-07 | എൽ.എഫ്.കെ.പി.11-242/14/15.03.14 | 24 |
| 2007-08 | എൽ.എഫ്.കെ.പി.11-446/14/15.12.15 | 14 |
| 2008-09 | എൽ.എഫ്.കെ.പി.11-242/14/14.03.14 | 18 |
| 2009-10.2010-11 | എൽ.എഫ്.കെ.പി.11-1032/13/03.01.14 | 18 |
| 2011-12 | എൽ.എഫ്.കെ.പി.11-1786/13 .01.14 | 12 |
| 2012-13 | എൽ.എഫ്.കെ.പി.11-1786/13/13.01.14 | 23 |
| 2013-14 | എൽ.എഫ്.കെ.പി.11-440/15/10.6.15 | |
| 2014-15 | കെഎസ്എ-കെടിഎം.പി.11-722/16/15.06.16 /27.06.16 | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെഎസ്എ-കെടിഎം.പി.11-9/2017 തീയതി: 06.01.2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻസാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം